പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1470 | 6-3-2017 ലെ മറുപടിക്ക്

കൃഷി മന്ത്രിയുടെ സന്ദർശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ) കോഴിക്കോട് വേങ്ങേരി അഗ്രിക്കൾച്ചറൽ മാർക്കറ്റിൽ ബഹു.കൃഷി മന്ത്രിയുടെ സന്ദർശനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | വേങ്ങേരി അഗ്രിക്കൾച്ചറൽ അർബൻ മാർക്കറ്റിന്റെ പല സ്റ്റാളുകളും കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണപ്പെട്ടു. മാർക്കറ്റിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങുന്നതിനു പുറമെ സമീപത്തെ ഹോൾസെയിൽ ഡീലറുടെ അടുക്കൽ നിന്നും ഇതര സംസ്ഥാനങ്ങളിലെ പച്ചക്കറികൾ സുതാര്യമല്ലാത്ത രീതിയിൽ വാങ്ങുന്നതായി കാണപ്പെട്ടു. |
| (ബി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ? | മാർക്കറ്റിലെ കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സ്റ്റാളുകൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോൾഡ് സ്റ്റോറേജ് സ്വകാര്യവ്യക്തിയിൽ നിന്നും തിരിച്ചെടുത്ത് ഹോർട്ടികോർപ്പിനെ ഏൽപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാർക്കറ്റിന്റെ അധീനതയിലുള്ള ലഭ്യമായ സ്ഥലം കൃഷിക്കാർക്ക് ഉപയുക്തമാക്കുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് ഒരു സമഗ്രമായ പ്രൊപ്പോസൽ തയ്യാറാക്കുവാനും നിദ്ദേശം നൽകിയിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി